ഉത്തരം.

(എ) സാമ്പത്തികവർഷം 1954–55-ൽ കള്ളുഷാപ്പുകളുടെ ലേലത്തുകയിനത്തിൽ 1,23,19,290 രൂപയും, വൃക്ഷക്കരം ഇനത്തിൽ 10,93,560 രൂപയും ലഭിച്ചിട്ടുണ്ട്. ലൈസൻസ് നത്തിൽ യാതൊരു തുകയും ലഭിച്ചിട്ടില്ല.

(ബി) 1954–55-ൽ ലൈസൻസ് എടുത്ത 12,111 ചെത്തുകാർ ചെത്തുതൊഴിലിൽ ഏർപ്പെട്ടിരുന്നു.

(സി) തിരുവിതാംകൂർ വിഭാഗത്തിൽ തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവങ്കോട്, നെയ്യാറ്റിൻകര, നെടുമങ്ങാട്, ചെങ്കോട്ട എന്നീ താലൂക്കുകൾ ഒഴികെ മറ്റെല്ലാ താലൂക്കുകളിലും, കൊച്ചിൻ വിഭാഗത്തിൽ മദ്യനിരോധനം നടപ്പാക്കപ്പെട്ടിട്ടുള്ള താലൂക്കുകളിലും മധുരക്കള്ള് ചെത്തുന്നതിന് ലൈസൻസ് എടുക്കേണ്ടതുണ്ട്.

(ഡി) മധുരക്കള്ള് ചെത്തുന്നതിനുള്ള ലൈസൻസുകൾ ഫീസ് കൂടാതെ നൽകപ്പെടുന്നു.

ശുദ്ധജലവിതരണം.

350. [9] ശ്രീ. കെ. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ പടിഞ്ഞാറ്റവശം, ഞാറയ്ക്കൽ, മഞ്ഞനക്കാട് എന്നീ സ്ഥലങ്ങളിലേയ്ക്ക് ഇപ്പോൾ നിലവിലിരിക്കുന്ന ശുദ്ധജലവിതരണപദ്ധതിയെ ഉപയോഗിച്ച് ശുദ്ധജലം കൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വല്ല നിവേദനങ്ങളോ, ഹർജികളോ ലഭിച്ചിട്ടുണ്ടോ;

(ബി) ഇപ്പോഴുള്ള പൈപ്പ്‌ലൈൻ മുൻപറഞ്ഞ സ്ഥലങ്ങളിലേയ്ക്കും നീട്ടുന്നതിന് ആവശ്യമായ അടിയന്തിരനടപടികൾ എടുക്കുന്നതിനും ദയവുണ്ടാകുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഇപ്പോഴുള്ള പൈപ്പ്‌ലൈൻ ഇനിയും നീട്ടിയതുകൊണ്ട് ശുദ്ധജലക്ഷാമത്തിനു പരിഹാരമാവുകയില്ല. എന്തെന്നാൽ ഇപ്പോൾ ചെയ്യുന്നപോലെ എസ്. സി. ടി. മുഖേന പമ്പുചെയ്താൽ ഈ പ്രദേശങ്ങളിലേയ്ക്ക് വെള്ളം കിട്ടുവാൻ വളരെ ഞെരുക്കമാണ്. അതുകൊണ്ട് ഇടവഴി പറവൂർവഴി ഈ പ്രദേശങ്ങളിലേയ്ക്ക് പൈപ്പ്‌ലൈൻ ഇട്ട് അതുവഴി ആലുവാ വെള്ളം വിതരണം ചെയ്യുന്നതാണ് ഉദ്ദേശിച്ചിരിക്കുന്നത്.

കഴുക്കിണറുകൾ.

351. [10] ശ്രീ. കെ. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ഡിസ്ട്രിക്റ്റിൽ എത്ര കഴുക്കിണറുകൾ കഴിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിൽ ഏതെങ്കിലും ഒന്ന് ഇനങ്ങൾക്ക് ഉപകാരപ്രദമായ വിധത്തിൽ നടന്നവരുന്നുണ്ടോ ;

(സി) ചെറായിൽ പരിക്ഷണാർത്ഥം കഴിച്ചുകൊണ്ടിരിക്കുന്ന കഴൽക്കിണറിനെ സംബന്ധിക്കുന്ന വിദഗ്ദ്ധാഭിപ്രായം എന്താണ്?

ഉത്തരം.

(എ) Two at Nemmara and one at Ayloor in Chittur Taluk.

(ബി) ഉണ്ട്.

(സി) വിദഗ്ദ്ധാഭിപ്രായമനുസരിച്ച് അവിടെ കഴൽക്കിണറിന്റെ പണി ആരംഭിച്ച് 307 അടിവരെ കഴിച്ചിട്ടുണ്ട്. കൂടുതൽ താഴ്ത്തിയാൽ ശുദ്ധജലം ലഭിക്കുന്നതാണ്.

ഡിസ്പെൻസറി.

352. [14] ശ്രീ. സി. കൊച്ചുകണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ ചടയമംഗലം എന്ന സ്ഥലത്ത് ഒരു ഡിസ്പെൻസറി അനുവദിച്ചിട്ടുണ്ടോ ;

(ബി) നാട്ടുകാർ നിന്ന് ഡിസ്പെൻസറിക്ക് ആവശ്യമായ സ്ഥലവും, കെട്ടിടവും, മറ്റുപകരണങ്ങളും നൽകിയിട്ടും ഡിസ്പെൻസറി ആരംഭിക്കാത്തിനുള്ള കാരണമെന്ത്?

ഉത്തരം,

(എ) ഉണ്ട്.

(ബി) നാട്ടുകാർ ആവശ്യമായ സ്ഥലവും, കെട്ടിടവും ഉപകരണങ്ങളും തയാറാക്കിത്തന്നിട്ടില്ല.

Loans to Agriculturists.

353. [15] **Shri V. V. Sebastian:** Will the Minister for Health be pleased to state:

(*a*) whether the Government have granted any loan to agriculturists during 1954-55.

(*b*) if so, what amounts have been so lent and to whom?

Answer.

(*a*) Yes.

(*b*) The total amount of loan sanctioned during 1954-55 till March 1955 is Rs. 1,54,400. The amounts sanctioned and the names of the applicants are furnished below:—

Sl. No.	*Loan No.*	*Name of party.*	*Amount sanctioned.*
1.	LA. 5/54	Shri Raman Karunakaran, Karunagapally ..	4,500
2.	,, 85/53	Sry. Bhagavathy Pillai Kochamma, Nedumangad ..	7,000
3.	,, 11/54	,, Lakshmi Amma, Pathanapuram ..	1,300

LIBRARY ARCHIVES Kerala Legislative Assembly